**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 595** **08-10-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി പയ്യനാട് ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്ലോട്ട് അനുവദിച്ചത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി പയ്യനാട്ടുള്ള ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 2013 ൽ ഹയർ പർച്ചേസ് വ്യവസ്ഥ പ്രകാരം മുഴുവൻ തുകയും അടച്ച അഞ്ച് ചെറുകിട സംരംഭകരിൽ നിന്നും പുതിയ വ്യവസായ നയപ്രകാരം അധിക തുക ഈടാക്കുന്നത് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2013-ൽ ഹയർ പർച്ചേസ് റൂൾ നിലനിന്നിരുന്ന കാലഘട്ടത്തിൽ മുഴുവൻ തുകയും വാങ്ങി അനുവദിച്ച സ്ഥലത്തിന് കൂടുതൽ വില വാങ്ങാതെ G.O(P)No.309/2023/RD പ്രകാരമുള്ള ഹയർ പർച്ചേസ് റൂൾ അനുസരിച്ച് എഗ്രിമെന്റ് വെക്കുന്നതിന് മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യവുമായി അഞ്ച് അപേക്ഷകൾ ലഭിച്ചിരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | മലപ്പുറം പയ്യനാട് ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ലീസ് വ്യവസ്ഥ പ്രകാരം അഞ്ചു വ്യവസായ സ്ഥാപനങ്ങൾക്ക് 2014, 2015, 2016 വർഷങ്ങളിൽ ലീസ് സംബന്ധിച്ച് സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് ലീസ് വില ഒടുക്കാം എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ചെറിയ തുക അടവാക്കി താൽക്കാലിക അനുമതി പ്രകാരം ഭൂമി അനുവദിച്ചിരുന്നു. 2013- ൽ നിലവിൽ വന്ന ലീസ് റൂൾ പ്രകാരം മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ 5 യൂണിറ്റിനും പ്ലോട്ട് ലീസ് വ്യവസ്ഥ പ്രകാരം അനുമതി സ്ഥിരീകരിച്ച് നൽകുകയും ചെയ്തിരുന്നു. എന്നാൽ യൂണിറ്റുകൾ ലീസ് ഉത്തരവ് പ്രകാരമുള്ള ലീസ് തുക അടവാക്കുകയോ എഗ്രിമെന്റിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല ആയതിന് നിരവധി തവണ നിർദ്ദേശം നൽകിയെങ്കിലും സ്ഥാപനം ഉടമകൾ ഇതുവരെ നിർദ്ദേശം പാലിച്ചിട്ടില്ല.<br><br>2023-ലെ ലാന്റ് അലോട്ട്മെന്റ് ആന്റ് അസൈസ്മെന്റ് റൂൾ (ജി.ഒ.(പി) നം. 309/2023/ആർ.ഡി. തീയതി 11/12/2023) പ്രകാരം പ്രസ്തുത അഞ്ച് പ്ലോട്ടുകളും നിലവിലെ ഭൂമി വിലയിൽ ഇതുവരെ അടവാക്കിയ തുക കുറച്ചുള്ള തുക അടവാക്കിയാൽ ഹയർ പർച്ചേസ് വ്യവസ്ഥയിലേക്ക് മാറ്റി നൽകാം എന്ന് 5 യൂണിറ്റുകൾക്ക് അറിയിപ്പ് നൽകിയെങ്കിലും ഇതുവരെ |

| | | | |
|---|---|---|---|
| | | | തുക അടവാക്കുകയോ എഗ്രിമെന്റിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. |
| (സി) | പ്രസ്തുത അപേക്ഷയിലെ ആവശ്യം പ്രത്യേകമായി പരിഗണിക്കുന്നതിനും അധിക തുക ഈടാക്കുന്നത് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നിലവിലുള്ള ചട്ടപ്രകാരം തുക ഈടാക്കുന്നത് ഒഴിവാക്കി നൽകുവാൻ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ